(സി) അനുബന്ധമായി ചേർത്തിട്ടുണ്ട് *.

(ഡി) ഒരു എ.റ്റി.എം. (കാഷ് ഡെപ്പോസിറ്റ് മെഷീൻ - സി.ഡി.എം.) പേമെന്റ് മെഷീന് 3.5 ലക്ഷം രൂപയോളം ചെലവാകും.

(ഇ) നിലവിൽ ഒരു സി.ഡി.എം. പേയ്മെന്റ് മെഷീൻ ഇലക്ട്രിസിറ്റി ബോർഡിൽ ഉണ്ട്. 5 സി.ഡി.എം. പേയ്മെന്റ് മെഷീൻ കൂടി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവ കെ.എസ്.ഇ.ബി.എൽ.-ന്റെ വിവിധ സർക്കിൾ ഓഫീസുകളിലാണ് സ്ഥാപിക്കുക, അതിനാൽ മെഷീനിന് പ്രത്യേകമായി നെറ്റ്വർക്ക് ഫെസിലിറ്റി ആവശ്യമില്ല.

കെ.എസ്.ഇ.ബി.-യിലെ കാഷ്യർ/മീറ്റർ റീഡർ തസ്തിക

9(2047) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കാഷ്യർ/മീറ്റർ റീഡർ തസ്തികയെക്കുറിച്ച് പഠനം നടത്തുവാൻ ഐ.ഐ.എം. കോഴിക്കോടിന് കരാർ നൽകിയതെന്നാണ്; പ്രസ്തുത പഠനത്തിന് എത്ര രൂപയാണ് ചെലവ്;

(ബി) പഠന റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പഠന റിപ്പോർട്ട് തയ്യാറാക്കിയില്ലെങ്കിൽ, കാലതാമസമുണ്ടാവുന്നതിന്റെ കാരണമെന്ത്; എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കും?

ഉത്തരം

(എ) 13-3-2014-ന് കരാർ നല്കി ₹ 57,57,326 (അൻപത്തിയേഴ് ലക്ഷത്തി അൻപത്തിയേഴായിരത്തി മൂന്നൂറ്റി ഇരുപത്തിയാറ് രൂപ) രൂപയാണ് ചെലവ്.

(ബി) പഠന റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല.

(സി) റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനം നടത്തേണ്ടതുണ്ട്. ഐ.ഐ.എം. കോഴിക്കോട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly